

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

രാജാക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി6- 880/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 03/09/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാജാക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി6- 880/2024

തീയ്യതി: 03/09/2024

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-09-2023 മുതൽ 22-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനു.പി.കെ.	ഡെപ്യൂട്ടി ഡയറക്ടർ	23-07-2024	27-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-07-2024	27-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.കെ. പുഷ്പരാജ്, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.കെ. അഭിലാഷ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ആർ. സാമുവൽരാജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അലി എ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സതി എം.എസ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. സുജിത്ത് കുമാർ ആർ എസ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി. ജ്യോതി ലക്ഷ്മി കുട്ടപ്പൻ നായർ	അസി. സെക്രട്ടറി	01-04-2023	18-07-2023
ശ്രീ. ജോൺസൺ ഇസ്സഡ്	അസി. സെക്രട്ടറി	19-07-2023	06-09-2023
ശ്രീ. മനോജ് കെ.	അസി. സെക്രട്ടറി	07-09-2023	31-03-2024
ശ്രീ. രാഹുൽ രാജശേഖരൻ	അസി.എഞ്ചിനീയർ	01-04-2023	24-05-2023
ശ്രീമതി. അജിത പി. കുമാരൻ	അസി.എഞ്ചിനീയർ	25-05-2023	21-08-2023
ശ്രീമതി. സിൻസി മാത്യു	അസി.എഞ്ചിനീയർ	22-08-2023	31-03-2024
ശ്രീ. റെജബ് കെ കലാം	കൃഷി ഓഫീസർ	01-04-2023	18-11-2023
ശ്രീ. രജിത്ത് ആർ.	കൃഷി ഓഫീസർ	19-11-2023	31-03-2024
ശ്രീമതി. മേഴ്സി എം.എ .	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	01-04-2023	09-08-2023
ശ്രീമതി. ത്രേസ്യാമ്മ	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	10-08-2023	31-03-2024
ശ്രീ. നിസ്സാർ എ. പി.	വി.ഇ.ഒ.	01-04-2023	31-03-2024
ഡോ. ഗോപിനാഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച്.സി.	01-04-2023	31-03-2024
ഡോ. നീന വി. എസ്.	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	01-04-2023	31-03-2024

ഡോ. രൂപ ജോർജ്ജ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ഡോ. സൂരജിത്ത്	മെഡിക്കൽ ഓഫീസർ, വെറ്റിനറി	01-04-2023	31-03-2024
ശ്രീ. ആസാദ് ഇ.എസ്.	യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീ. ബിനാഷ് തോമസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	13-08-2023
ശ്രീമതി. സൌമ്യ റേയ്ച്ചൽ വർഗീസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	14-08-2023	31-03-2024
ശ്രീ. ജോബിൻസ് കുര്യൻ	ഫിഷറിസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-4
6	അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു	1-1-5
7	അദർ ലയബലിറ്റീസ് എന്ന ഹെഡിൽ ഗണ്യമായ തുകയുടെ ബാധ്യത	1-1-6
8	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-7
9	ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല	1-1-8
10	ബാദ്ധ്യതകൾ ബാലൻസ് ഷീറ്റിൽ ൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-9
11	കാലഹരണപ്പെട്ട ജ്ഞശീർഷ വരവുകൾ ബാദ്ധ്യതയായി തുടരുന്നു	1-1-10
12	ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല	1-1-11
13	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-12
14	ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല	1-1-13

15	തുകകളുടെ വാർഷിക റിക്കൺസീലിയേഷൻ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല	1-1-14
16	ഉദ്ദേശ്യം പ്രതിഫലിക്കാത്ത ശീർഷകത്തിൽ തുക ക്രെഡിറ്റ് ചെയ്തു	1-1-15
17	ബജറ്റ്	1-2
18	ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ അപാകങ്ങൾ	1-3-1
19	ലാപ്സായ തുകയുടെ വിശദാംശങ്ങൾ	1-3-2
20	ഗ്രാന്റ് വിനിയോഗം	1-3
21	പദ്ധതി അവലോകനം	1-4
22	തൊഴിലുറപ്പ്	1-5
23	സാമൂഹ്യസുരക്ഷാ പദ്ധതികൾ	1-6
24	ക്യാഷ് പരിശോധന	1-7
25	ആഭ്യന്തര നിയന്ത്രണം	1-8
26	കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയില്ല	1-9
27	തെറ്റായ ഉപയോഗ ക്രമത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു	1-10
28	ഇ-ടെണ്ടർ ഫീ ഇനത്തിലെ കരാറുകാർ ഒടുക്കിയ തുക ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല	1-11
29	അനധികൃത കെട്ടിട നിർമ്മാണം-സംബന്ധിച്ച്	1-12
30	യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല	1-13
31	തരിശ് നിലം കൃഷി - അധിക തുക നൽകി നഷ്ടം ₹7500/-	1-14
32	യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക നൽകി-നഷ്ടം ₹119400	1-15
33	നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല	1-16
34	സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്ക് വിഹിതം നൽകൽ- മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് നടത്തി-തടസ്സം ₹30,000/-	1-17

35	ഖരമാലിന്യ നിർമ്മാർജ്ജനവും എം.സി.എഫ് പരിപാലനവും- പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-18
36	അഗതി കേരളം -ആശ്രയ പദ്ധതി തുക വിനിയോഗിച്ചില്ല	1-19
37	വീട് വാസയോഗ്യമാക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല	1-20
38	ലൈഫ് ഭവന പദ്ധതി - വീട് പൂർത്തീകരിച്ചില്ല	1-21
39	ഹരിത കർമ്മസേന - ഇനോകുലം നിർമ്മാണത്തിന് തുക - പുരോഗതി നിരീക്ഷിക്കുന്നില്ല	1-22
40	ഹോമിയോ മരുന്നുകൾ പൂർണമായി ലഭ്യമായില്ല	1-23
41	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- അപാകതകൾ	1-24
42	കാലിവീപ്പയുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു	1-25
43	തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ പർച്ചേസ്- അപാകതകൾ	1-26
44	ദുരിതാശ്വസ നിധി -കാര്യക്ഷമമല്ല	1-27
45	നിർവഹണ ഉദ്യോഗസ്ഥർക്കുള്ള അഡ്വാൻസ് തുക ക്രമീകരിച്ചില്ല	1-28
46	വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-29
ഭാഗം 2		
1	യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല	2-1
ഭാഗം 3		
1	തരിശ് നിലം കൃഷി - അധിക തുക നൽകി നഷ്ടം ₹7500/-	3-1

2	യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക നൽകി-നഷ്ടം ₹119400	3-2
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായ
(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റ
11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഏ
ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പ
നിർദ്ദേശങ്ങളും അനുസരിച്ച് 15-05-2024-ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ത
04.06.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള രാ
ഗ്രാമപ്പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേ
സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2024 വരെയുള്ള ബ
ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗ
തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്
ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അ
പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പ
രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ
എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുത
തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ
ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്
ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തു
തെളിവുകളും, പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് ത
ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്ത

അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന
അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

lii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ
അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക
ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അ
റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തു

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ച
കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **രാ
ഗ്രാമപഞ്ചായത്തിന്റെ** 2023-24 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാ
ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽക

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

03.09.2024 ഇടുക്കി

<u>1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല</u>

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ) (എഫ്) എന്നിവ
വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് ന
കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തു
ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധ
പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ 'Net Increase/(Decrease) In Cash And Cash Equivale രേഖപ്പെടുത്തിയ തുകയും (-1447331) ഇതേ പത്രികയിൽ 'Net Cash Generated By Ope Investing + Financing Activity (A+B+C)' -ൽ രേഖപ്പെടുത്തിയ തുകയും (3548347) ആയതിനാൽ പത്രിക പ്രകാരം സാമ്പത്തിക വർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രി മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളു പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി, വാടക എന്നീയിനങ്ങളുടെ വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്റ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തേണ്ടതാണെങ്കിലും സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്ത 31.03.2024-ൽ മാത്രമാണ് ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയത്. സ്ഥാപന തൊഴിൽ നി എൻട്രികളും അപ്രകാരം തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-5 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിന അധികരിക്കുന്നു

അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയി അധികരിക്കുന്നതായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആസ്തി ഇനം	ആസ്തി തുക(₹)	ഡിപ്രിസിയേഷൻ (₹
410800101- അദർ ഫിക്സ്ഡ് അസറ്റ്സ്	349305	

വാട്ടർവേയ്സ്		-

1-1-6 അദർ ലയബലിറ്റീസ് എന്ന ഹെഡിൽ ഗണ്യമായ തുകയുടെ ബാധ്യത

310100101-Panchayat Fund - General Fund-ലെ ₹526933/- 31.03.2021-ന് 3201009 Liabilities എന്ന ഹെഡിലേക്ക് ബാധ്യതയായി മാറ്റിയതാണ്. തൻവർഷം മൂന്ന് ഇടപാടുക ആകെ ₹7280/- യുടെ പേയ്മെന്റ് നൽകിയിരിക്കുന്നതല്ലാതെ കടന്നുപോയ മൂന്ന് വർഷ മറ്റൊരു ഇടപാടും ഈ അക്കൗണ്ടിൽ നടത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ടിലെ താത്കാലികമായി മാത്രം നിലനിർത്തേണ്ടതും കാലാകാലങ്ങളിൽ കൃത്യമായ പരിശോ വിധേയമാക്കി ക്രമീകരിക്കേണ്ടതുമായിരുന്നു. അപ്രകാരം ചെയ്യാതിരുന്നത് അക്കൗണ്ട് വീഴ്ചയാണ്. വിശദമായ പരിശോധനകൾ നടത്തി ഉപോൽബലകമായ രേ അടിസ്ഥാനത്തിൽ തുകകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്ത മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-8 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല

പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ (ബാങ്ക് അക്കൗണ്ടിൽ പിൻവലിക്കലുകൾ) അക്രുവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. തൻവർഷത്തെ ക ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത അക്രുവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷ കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴ ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായ മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

ശീർഷകം	കണക്ക് ശീർഷകത്തിന്റെ പേര്
350100101	Amount Payable To Suppliers
350100201	Amount Payable To Contractors
350100301	Amount Payable To Conveners
350100401	Amount Payable To Professionals
350100501	Amount Payable To Elected Representatives
350100901	Amount Payable To KSEB
350100902	Amount Payable To Telephone Charge
350100903	Amount Payable To KWA

ഉദാഹരണമായി പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 3 ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യേണ്ടതായിരുന്നു. വൈദ്യുതി ചാർജ് 3 ശീർഷകത്തിലേക്ക് അക്രുവൽ ചെയ്തതിന് ശേഷമായിരുന്നു ചെലവഴിക്കേണ്ടത്. ചെ അക്രുവൽ ചെയ്യുന്നതിലെ അപാകത 2024-25 വർഷം പരിഹരിക്കേണ്ടതാണ്.

1-1-9 ബാദ്ധ്യതകൾ ബാലൻസ് ഷീറ്റിൽ ൽ ഉൾപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ ബി 17-ൽ ബാങ്ക് നീക്കിയിരിപ്പുള്ള ചുവടെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുക പഞ്ചായത്തിന്റെ ബാദ്ധ്യതകൾ ആയതിനാൽ നിശ്ചയമായും ബാലൻസ് ഷീറ്റ് ഉൾപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

ഇനം	മുന്നിരിപ്പ്	നീക്കിയിരിപ്പ്
ജലജീവൻ (A/C No. 27352)	14216	
ലൈഫ് ഹഡ്കോ (A/C No. 7896)	358	
ദുരിതാശ്വാസ നിധി (A/C No. 9873)	2840	

മേൽ തുകകൾ ബാലൻസ് ഷീറ്റ് ബി-4-ൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

1-1-10 കാലഹരണപ്പെട്ട ഗ്രണശീർഷ വരവുകൾ ബാദ്ധ്യതയായി തുടരുന്നു

കാലഹരണപ്പെട്ട നികുതിയായ വാറ്റ് എന്നയിനത്തിൽ തുകകൾ സർക്കാർ ഫണ ക്രമീകരിക്കാനുള്ളതായി (₹55347/-, ₹3150/-) ധനകാര്യപത്രികയുടെ ബി-9-ൽ ക തുടർനപടി സ്വകരിക്കേണ്ടതാണ്.

1-1-11 ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിവിധ ഫണ്ട് തിരിച്ച് മുന്നിരിപ്പ് വി വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുൻവർഷത്തെ അതേ തുക നിലനിർത്തിയിരിക്കുന്നതിനാൽ ആസ്തി സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ഈയിന മാറ്റിയില്ലെന്നത് വ്യക്തമാണ്. 2023-24 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിശദാ ലഭ്യമല്ലാത്തതിനാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിടേണ്ട കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായില്ല.

1-1-12 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല

2023-24 വർഷം 2 പൊതുമരാമത്ത് പ്രവൃത്തികളിലായി ₹511169/- പാർട്ട് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-In- Progress എന്ന ശീർഷ ₹84345/- മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1-1-13 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ കാലികമായി തുകകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ലാത്ത വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

1-1-14 തുകകളുടെ വാർഷിക റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വ്യത്യാസ വിശദീകരിക്കപ്പെട്ടില്ല

വാർഷിക റിക്കൺസീലിയേഷൻ നടത്തിയത് പരിശോധിച്ചപ്പോൾ താഴെ അക്കൌണ്ടുകളിൽ വ്യത്യാസമുള്ളതായി കണ്ടെത്തി.

ബാങ്ക്, ഇനം	ബാങ്ക് അക്കൌണ്ട് നമ്പർ	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം (₹)	വാർഷിക കണക്ക് പ്രകാരം
UBI 23405-OWN FUND	372302010023405	729251	165971
Union Bank Of India -Google Pay Account	372301010036192	575125	670416
SCB OWNFUND-283	283	3524353	3514398

ബാങ്ക് അക്കൌണ്ട് നമ്പർ 283 പ്രകാരമുള്ള തനത്ഫണ്ട് അക്കൌണ്ടിൽ 'Cheque Depos Not Cleared' എന്ന ഹെഡിലെ ₹5000/- (5571809/08.05.2018) മാത്രമാണ് ലഭിക്കാനുള്ളത് തുക, 2018-19-ൽ കൃഷി വകുപ്പിൽ നിന്ന് അവാർഡായി ലഭിച്ചതാണെന്നും പല

കത്തിടപാടുകൾ നടത്തിയിട്ടും ഇതുവരെ തുക ലഭിച്ചില്ലെന്ന് ഗ്രാമ പഞ്ചായത്തിൽ അറിയിച്ചിട്ടുണ്ട്.

1-1-15 ഉദ്ദേശ്യം പ്രതിഫലിക്കാത്ത ശീർഷകത്തിൽ തുക ക്രെഡിറ്റ് ചെയ്യ

460100199-അദർ അഡ്വാൻസസ് എന്ന ഹെഡിലെ തൻവർഷത്തെ മുന്നിരിപ്പ് ₹102 നീക്കിയിരിപ്പ് ₹624563/-ഉം ആണ്. ലെഡ്ജർ പരിശോധിച്ചപ്പോൾ തൊഴിലുറപ്പ് ഭരണചെലവുകൾക്ക് നൽകിയ ഭൂരിപക്ഷം അഡ്വാൻസ് തുകകളും പ്രസ്തുത അക്കൌണ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമായി. തൊഴിലുറപ്പ് പദ്ധതി ഭരണചെലവുക പ്രത്യേക അക്കൌണ്ട് ഹെഡ് (460500801) നിലവിലുള്ളപ്പോളാണ് ഇപ്രകാരം ചെ തൻവർഷം ഈ അക്കൌണ്ടിൽ ക്രഡിറ്റായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

തീയതി	കോഡ്	ഹെഡ്	ഇനം	ക്രഡ
28-03-2024	450210101	Nationalised Bank Account Of Own Revenue Fund	വരവ്	
31-03-2024	450210101	Nationalised Bank Account Of Own Revenue Fund	വരവ്	
31-03-2024	252110001	Roads-Retarring	ജേർണൽ	
31-03-2024	256100116	Administrative Expenses- Mahatma Gandhi NREGA/ AUEGS	ജേർണൽ	1,08

ആദ്യ രണ്ട് വരവിനങ്ങളുടെ സ്രോതസും അനുബന്ധ വിവരങ്ങളും ചേർത്തിട്ടില്ല അക്കൌണ്ടുമായി യാതൊരുവിധത്തിലും ബന്ധപ്പെടുത്താനാവാത്ത Roads-Retarring എ ജേർണൽ എൻട്രി വഴി ക്രഡിറ്റായി ചേർത്ത് അക്കൌണ്ട് ക്രമീകരിച്ചതിന്റെ സാംഗത്യം വ്യ

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സം
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തീരുമാന നമ്പർ /തീയതി
ബജറ്റ് നിർദ്ദേശങ്ങൾ ക്ഷണിക്കൽ	15.01.2023
സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം	1(1)/തീ. 14.03.2023
ഭരണസമിതി അംഗീകാരം	1(1)/തീ. 25.03.2023
ബജറ്റ് പുതുക്കൽ ഭരണസമിതി അംഗീകാരം	1(1)/തീ. 05.02.2024

ഇനം	ബജറ്റ് പ്രകാരം
മുന്നിരിപ്പ്	1935808
വരവ്	396027080
ആകെ	397962888
ചെലവ്	395707298
നീക്കിയിരിപ്പ്	2255590

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച
അംഗൻവാടി വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന
ചെയ്തിരുന്നു. പൊതുവിഭാഗത്തിൽ അംഗൻവാടി വിഹിതം ആകെ ₹963600/- ഉം ലൈഫ്
ആകെ ₹1806479/-ഉം എസ്.സി.പി. വിഭാഗത്തിൽ ലൈഫ് വിഹിതം ₹225347/- ഉം ആ
ചെയ്തിരിക്കുന്നത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.
ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്

വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജ
എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്,
നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

1-3-2 ലാപ്സായ തുകയുടെ വിശദാംശങ്ങൾ

15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2023-24 സാമ്പത്തിക വർഷം അ
ഫണ്ടിന്റെ 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പ
20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമ
അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

ഫണ്ടിനം	വരവ് ₹	ചെലവ് ₹	തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന തുക (80%) ₹	തൻവർഷം 80% ചെലവില്ലാത്തതിനാൽ ലാ 2025-26 വർഷം കുറവു ചെയ്യുന്നതുമായ തുക ₹
മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം	16341350	6160330	13073080	6912750
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	6009400	3235403	4807520	1572117
			ആകെ	8484867

1-3 ഗ്രാന്റ് വിനിയോഗം

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയി ലാപ്സായ

					₹
വികസനഫണ്ട് – പൊതുവിഭാഗം		14106000	14106000	11934258	
വികസനഫണ്ട് – എസ്.സി.പി.		877000	877000	759715	
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	1830168	1752000	3582168	1546259	
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	1475914	2419978	3895892	3067473	
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	0	6009400	6009400	3235403	
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	0	16341350	16341350	6160330	
320100182 സമ്പൂർണ്ണ ശുചിത്വ പദ്ധതി	603869	0	603869	343071	
ഐ.സി.ഡി.എസ്.	1033625	0	1033625	0	
കുടിവെള്ളം	0		0	0	
നിർമ്മൽ പുരസ്കാരം	193	4	197	0	
സാക്ഷരത	4434	0	4434	0	
ജലനിധി	53798	34527	88325	0	
320300199 ലൈഫ് സംസ്ഥാന വിഹിതം	40042	4720000	4760042	476000	
320200308 ശുചിത്വ മിഷൻ	200000	0	200000	0	
ഹെൽത്ത് ഗ്രാന്റ് (PHC)	22101	312938	335039	323113	
ഹെൽത്ത് ഗ്രാന്റ് (Infrastructure)	3527	714001	717528	700000	

320200207 Fund For Transferred Institution – Ayurveda	87190	0	87190	0	
320100999 Other Liabilities	526933		526933	7280	
ദേശീയ ന്യൂട്രീഷൻ മിഷൻ	0	611830	611830	343071	
311100101- പഞ്ചായത്ത് ദുരിതാശ്വാസ നിധി	15310	91	15401	2223	
320200399-ജലജീവൻ (A/C No. 27352)	14216	2640201	2654417	2639806	
ലൈഫ് ഹഡ്കോ (A/C No. 7896)	358	402732	403090	0	
ദുരിതാശ്വാസ നിധി (A/C No. 9873)	2840	0	2840	0	
320100152- മറ്റ് സ്കീമുകൾ		1751658	1751658	1751658	
320800199-മറ്റ് ഗ്രാന്റുകൾ, ഫണ്ടുകൾ-ക്യാപ്പിറ്റൽ (ലൈഫ്)		1100000	1100000	1100000	
320100198 - ശുചിത്വ മിഷൻ ഗ്രാന്റ്		312000	312000	312000	

1) റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം 320100160, 320300199, 320800199 എന്നീ ഹെഡ തുകകൾ യഥാർത്ഥത്തിൽ ലൈഫ് മിഷനിലുള്ള വരവാണ്. ആയതിനാൽ അവ ഒന്നിച്ച് 320300199 എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. പ്രസ്തുത ഹെഡിലെ ബി നീക്കിയിരിപ്പ് പൂജ്യമാണെങ്കിലും ബാങ്ക് നീക്കിയിരിപ്പ് ₹42/- ആണ്. പ്രസ്തുത തു ചേർത്താണ് വരവ് – ചെലവ് തയ്യാറാക്കിയത്.

2) ലൈഫ് സംസ്ഥാന വിഹിതത്തിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് ₹800

പാസ്ബുക്ക് പ്രകാരമുള്ളത് ₹40042/- ഉം ആണ്. പാസ്ബുക്ക് പ്രകാരമുള്ള മുന്നി ചേർത്തിരിക്കുന്നത്.

3) 1-1-9 ൽ പരാമർശിച്ചിരിക്കുന്ന തുകകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകര പ്രോജക്ടുകള ശതമാനം
142	124368848	85	47584799	57	38.26

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	അടങ്കൽ ₹	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	ചെലവ്₹	നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം	ശ
കൃഷി ഓഫീസർ	6	3661336	6	2159800	0	
വെറ്ററിനറി സർജൻ	4	1650000	4	1647860	0	
മെഡിക്കൽ ഓഫീസർ – ഹോമിയോ	2	315000	1	300000	1	
മെഡിക്കൽ ഓഫീസർ – ആയുർവേദം	5	1320000	5	1320000	0	
വി ഇ ഒ	14	63561553	13	19257994	1	
ഐ സി ഡി എസ് സൂപ്പർവൈസർ	7	5676330	6	3487887	1	
സെക്രട്ടറി	37	8659122	16	6979425	21	

അസിസ്റ്റന്റ് എഞ്ചിനീയർ	51	34005507	20	7841098	31	
ഹെഡ്മാസ്റ്റർ	4	742200	4	686680	0	
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1400000	1	1044662	0	
മെഡിക്കൽ ഓഫീസർ സി എച്ച് സി	3	1912000	3	1884504	0	
അസി. സെക്രട്ടറി	6	1217000	4	871089	2	
ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	2	248800	2	103800	0	
ആകെ	142	124368848	85	47584799	57	

1-5 തൊഴിലുറപ്പ്

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്ക
ഭരണചെലവുകൾ	0	2099535	2099535	2099535	
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	67200000	67200000	67200000	

1-6 സാമൂഹ്യസുരക്ഷാ പദ്ധതികൾ

2023-24 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തു

വിശദാംശം താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്ക എണ്ണം
കർഷക തൊഴിലാളി പെൻഷൻ	2586800	
വിധവാ പെൻഷൻ	5948400	

വാർദ്ധക്യകാല പെൻഷൻ	14874400	
വികലാംഗ പെൻഷൻ	1630600	
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	268800	

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ പരിശോധന 24.07.2024-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുക പരിശോധനയിൽ ₹731/- (എഴുന്നൂറ്റി മുപ്പത്തിയൊന്നു രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിൽ മികവ് കൊണ്ടുവരാൻ ഗ്രാമപഞ്ചായത്തിലെ ആ നിയന്ത്രണ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നി സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർ

1	സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്, 3 സീനിയർ ക്ല ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ്, 2 പാർട്ട് ടൈം സ്വീപ്പർ, ഒരു സൂപ്പർ ന്യൂമററി എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരുടെ ചുമതലകൾ ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. അതത് സമയങ്ങളിലെ ജോ നിർവഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവ ഇത്തരത്തിൽ 2023-24-ൽ 20 ഉത്തരവുകൾ പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്.
2	ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്ക ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നു

	ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊ അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് ഉറപ്പ് വരുത്തുന്നില്ല.
3	തൻവർഷം നാല് തവണ പ്രൊക്യൂർമെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും സാധ സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്ക വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണ വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് ശ്രദ്ധിക്കേണ്ടതാണ്.
4	വാർഷിക പദ്ധതി ആസൂത്രണപ്രക്രിയയിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. ആ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.
5	മിനിട്സ് ബുക്കുകൾ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാ നികുതി ഡിമാന്റ് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളിൽ അവ്യക്തതയുണ്ട്. ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6	ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും കാല കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയി ഇതുവരെ പൂർണമായിട്ടില്ല.
7	തനത് വരുമാനത്തിലുള്ള കുറവ് മൂലം നിത്യനിദാന ചെലവുകൾക്ക് ബുദ്ധിമുട്ടു പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ കമ്മിറ്റി ചർച്ച ചെയ്യുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധ യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങ

	ചെയ്യുകയോ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപ നൽകുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.
8	വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ ഏറിയ പങ്കും നടപ്പാക്കാൻ കഴ വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ വിനിയോഗിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഗ്രാന്റുകളിൽ വേണ്ടത്ര ചെലവു പുരോഗതി കൈവ കഴിയാതിരുന്നതിനാൽ ഷോർട് ഫോൾ സംഭവിച്ചു. റോഡ്-റോഡിതര ആസ്തി പരിപാല വിഭാഗങ്ങളിലെ ഷോർട്ട് ഫാളിലൂടെ നഷ്ടമാകുന്നത് 71 ലക്ഷം രൂപ.
9	ഗ്രാമപഞ്ചായത്ത് നേരിട്ട് ഒടുക്കുന്നില്ലെങ്കിലും ലോണിനത്തിൽ സർക്കാർ ജി.ഒ.പ്രോ പ്രകാരം സോഴ്സിൽ നിന്നും ഈടാക്കുന്ന തുകകളുടെ വിവരം ലോൺ രജിസ്റ്ററിൽ സാക്ഷ്യപെടുത്തേണ്ടതും കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന ഉറപ്പുവരുത്തേണ്ടതുമാണ്.
10	കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മി തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കെ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല
11	ജനറൽ-കമ്പ്യൂട്ടർ ഹാർഡ്വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാ വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
12	വികസന ഫണ്ടിൽ നിന്നും നേരിട്ട് കിഴിവ് വരുത്തിയതും ജി.ഒ. പ്രോജക്ടായി വന്നതുമായ തുകകൾ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
13	സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാ പുലർത്തിയിട്ടുണ്ടെങ്കിലും ഉപോൽബലകമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ മരണപ്പെ

പെൻഷൻ യഥാസമയം റദ്ദാക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ
അറിയിക്കേണ്ടതാണ്.

1-9 കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയില്ല

20.03.2023-ലെ സ.ഉ(കൈ)നം.77/2023 ഉത്തരവ് പ്രകാരം വസ്തുനികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും. തുടർന്ന് 1994-ലെ പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 20-ാം വകുപ്പ് (2) ഉം (4) ഉം ഉപവകുപ്പുകൾ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, ഗ്രാമപഞ്ചായത്ത ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല നിശ്ചയിച്ച് 05.04.2024 ലെ സ.ഉ(അച്ചടി)നം.25/2023 പ്രകാരം വിജ്ഞാപനം ചെ ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 04.10.2023 ലെ 13(1) നമ്പർ തീരുമാന രാജാക്കാട് ഗ്രാമ പഞ്ചായത്തിന്റെ 01.04.2023 പ്രാബല്യത്തിലുള്ള വസ്തുനികുതി നി 06.10.2023-ലെ നമ്പർ എസ്.സി2-213/2023 മുഖേന വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാ പഞ്ചായത്തിലെ 1 മുതൽ 3 വരെയുള്ള വാർഡുകളിൽ 2023-24 സാമ്പത്തിക വർഷത്തെ വസ്തു നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന പരിശോധിച്ചതിൽ കെട്ടിടങ്ങൾക നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

കെട്ടിട നമ്പർ	അസ്സസ്മെന്റ് തീയതി	ഉപയോഗ ക്രമം	വിസ്തീർണ്ണം	പഞ്ചായത്ത് 01/04/2023 പ്രാബല്യത്തിൽ ഒരു ചതുരശ്ര	സഞ്ചയയിൽ ചതുരശ്ര മീറ്റ നിർണ്ണയിച്ച

					മീറ്ററിന് നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക്	അടിസ്ഥാന നികുതി നി
ഒന്നാം വാർഡ്						
293	D	04-05-2023	പാർപ്പിടാവശ്യം	81.01	6	5
11	G	14-06-2023	പാർപ്പിടാവശ്യം	139.5	6	5
72	A	15-06-2023	പാർപ്പിടാവശ്യം	39	6	5
87	A	31-07-2023	പാർപ്പിടാവശ്യം	25.96	6	5
14	A	07-08-2023	പാർപ്പിടാവശ്യം	95.25	6	5
80	A	17-08-2023	പാർപ്പിടാവശ്യം	49.95	6	5
80	B	17-08-2023	പാർപ്പിടാവശ്യം	43.99	6	5
277	A	23-08-2023	പാർപ്പിടാവശ്യം	97.63	6	5
258	A	07-09-2023	പാർപ്പിടാവശ്യം	39	6	5
282	A	01-11-2023	സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ	93.68	40	35
54	B	05-02-2024	പാർപ്പിടാവശ്യം	28	6	5
രണ്ടാം വാർഡ്						
185	B	27-04-2023	പാർപ്പിടാവശ്യം	66.16	6	5
140	A	24-05-2023	പാർപ്പിടാവശ്യം	48	6	5

206	A	09-06-2023	പാർപ്പിടാവശ്യം	156.66	6	5
185	C	14-07-2023	പാർപ്പിടാവശ്യം	39	6	5
178	B	01-08-2023	പാർപ്പിടാവശ്യം	212.76	6	5
153	B	07-08-2023	പാർപ്പിടാവശ്യം	67	6	5
198	A	21-09-2023	പാർപ്പിടാവശ്യം	180	6	5
74	A	28-10-2023	പാർപ്പിടാവശ്യം	86	6	5
62	A	06-03-2024	പാർപ്പിടാവശ്യം	79	6	5
മൂന്നാം വാർഡ്						
200	B	05-05-2023	പാർപ്പിടാവശ്യം	47.61	6	5
76	C	30-05-2023	പാർപ്പിടാവശ്യം	213	6	5
1	B	22-06-2023	പാർപ്പിടാവശ്യം	272.35	6	5
166	A	09-08-2023	പാർപ്പിടാവശ്യം	120.12	6	5
244	A	05-09-2023	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	39.76	40	35
2	B	04-10-2023	പാർപ്പിടാവശ്യം	206	6	5
227	A	06-10-2023	പാർപ്പിടാവശ്യം	72	6	5
55	A	28-12-2023	പാർപ്പിടാവശ്യം	143.2	6	5
229	A	06-03-2024	പാർപ്പിടാവശ്യം	66	6	5

കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദ
ആവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 12/24.07.2024 ന കെട്ടി
നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട
വാർഡുകളിലെയും നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിക്കേണ്ടതും മേൽ സൂചിപ്പിച്ച
കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച്
അറിയിക്കേണ്ടതുമാണ്.

1-10 തെറ്റായ ഉപയോഗ ക്രമത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു

ലൈസൻസ് രജിസ്റ്റർ പ്രകാരം അരുൺ ദാസ് എന്ന വ്യക്തി അപേക്ഷ സമർപ്പിച്ചത
ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് 11/ 244 – A
കെട്ടിടത്തിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 57 ച മീ വിസ്തീർണ്ണം ഉള്ള ടി കെട്ടിടം 201
അർദ്ധ വാർഷികം മുതൽ സഞ്ചയ വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വ
ക്രോഡീകരിച്ചിരിക്കുന്ന വിവരങ്ങൾ പ്രകാരം റിസോർട്ട് എന്ന ഗണത്തിൽപ്പെടുത്തി
മീറ്ററിന് 90 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയുർവ്വേദ സുഖ ച
കേന്ദ്രം എന്ന ഉപയോഗക്രമത്തിന് നിശ്ചയിച്ചിരുന്ന അടിസ്ഥാന വസ്തു നികുതി ചതുരശ്ര
150 രൂപയാണ്. തെറ്റായ ഗണത്തിൽപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയി
വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ന
ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 10/25.07.2024 ന മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടി
നികുതി ഉപയോഗക്രമം പരിഗണിച്ച് പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-11 ഇ-ടെണ്ടർ ഫീ ഇനത്തിലെ കരാറുകാർ ഒടുക്കിയ തുക ഗ്രാമ പഞ്ചായത്തിന് ലഭിച്ച

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ
നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈ
ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബ

അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത
ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 02.102.2017-ലെ സ.ഉ
നം.3186/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിലേയ്ക്ക് സ്റ്റേറ്റ് ബാ
ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അ
ആരംഭിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. രാജാക്കാട് ഗ്രാമ പഞ്ചായത്തിന
ആവശ്യത്തിലേക്കായി പ്രത്യേക അക്കൌണ്ട് ആരംഭിച്ചിരിക്കുന്നത് 09.10.2023-ൽ മാ
ഇതിന് മുൻകാലങ്ങളിലുള്ള ഇ-ടെണ്ടർ ഫീസിനത്തിലുള്ള ₹310642/- എൽ.എസ്.ജി.ഡ
പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേ
നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഈ തുകകൾ നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത
അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടില്ല. തുക തനതുഫണ്ടിലേയ്ക്ക് ലഭ്യമാക്കാനുള്ള
സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 അനധികൃത കെട്ടിട നിർമ്മാണം-സംബന്ധിച്ച്

പഞ്ചായത്ത് ഓഫീസിന്റെ സമീപ പ്രദേശങ്ങളിൽ നിർമ്മാണത്തിലിരിക്കുന്ന കെ
സംബന്ധിച്ച് പ്രാദേശികമായി നടത്തിയ പരിശോധനയിൽ രാജാക്കാട് രാജകുമാരി റ
വലതു വശത്തായി 6 നിലകളിലായി (3 സെല്ലാർ ഫ്ലോറുകൾ) കെട്ടിടം നിർമ്മാണം നടക്കു
ശ്രദ്ധയിൽപ്പെട്ടു. കെട്ടിടത്തിന്റെ ഭാഗികമായി നിർമ്മാണം പൂർത്തിയായ ഗ്രൌണ്ട് റ
ധന്വന്തരി ഗ്രൂപ്പ് ഓഫ് നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂഷന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ചിത്രം
ചേർക്കുന്നു.






2018-19 മുതലുള്ള പെർമ്മിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇപ്രകാരമുള്ള ഉപയോഗ ക്ര
വിസ്തീർണ്ണത്തിലും കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ്
വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ നിലവിൽ ഉപയോഗിക്കുന്ന ഭ
നികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല. നിർമ്മാണ അനുമതി നൽകിയതിന്റെ
നിർമ്മാണം പൂർത്തിയായ ഭാഗത്തിന് നികുതി നിർണ്ണയം നടത്തിയതിന്റെ രേഖകൾ
പരിശോധനയ്ക്ക് ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്
13/25.04.2024 നു മറുപടി നൽകിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്തിരാജ് നിയ
എഫ്,ജി,എച്ച് എന്നീ സെക്ഷനുകൾ പ്രകാരം പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനേ
നിർമ്മിക്കുന്നതിനോ വേണ്ടി അപേക്ഷ സമർപ്പിക്കേണ്ടതും സെക്രട്ടറി അനുമതി നൽ
നിർമ്മാണമോ പുനർനിർമ്മാണമോ ആരംഭിക്കാൻ പാടില്ലാത്തതുമാണ്. മേൽ പര
നിർമ്മാണ പ്രവർത്തി സംബന്ധിച്ച് സെക്രട്ടറി അടിയന്തിരമായി പരിശോധന നടത്തേ
അനധികൃത നിർമ്മാണമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം 1994 ലെ കേരള പഞ്ചായ
നിയമം സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ട
പഞ്ചായത്തിന്റെ പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ നട

എന്നുറപ്പാക്കേണ്ടതിലേക്കായി ഫീൽഡ്തല പരിശോധനകൾ നടത്തേണ്ടതാണ്. 2019 ൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപെൻസി ഓഡ സാധ്യതകൾ ഉപയോഗിച്ച് കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകൾ പരിശോധിക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-13 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യൂ.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്ക് ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 18.08. എ.സി-2/223/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസം കരാർ തുക പിഴ ചുമത്താവുന്നതും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ ചുമത്താവുന്നതും ആണെന്ന് പറഞ്ഞിരിക്കുന്നു.

രാജാക്കാട് ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയ ഉണ്ടമല – പന്നിയാർകുട്ടി റോഡ് മെയിന്റനൻസ് 2021-22 എന്ന പ്രവൃത്തി യഥ പൂർത്തീകരിക്കാതിരുന്നിട്ടും ഫൈൻ ഈടാക്കിയതായി കാണുന്നില്ല. 13.01.2022-ര പ്രവൃത്തിയുടെ സൈറ്റ് ഹാന്റ് ഓവർ ചെയ്ത് നല്കിയിട്ടുണ്ട്. നാല് മാസം പൂർത്തീകരണ കാ നല്കിയിട്ടുള്ള ഈ പ്രവൃത്തി കരാറുകാരൻ പൂർത്തീകരിച്ചിരിക്കുന്നത് 04.01.2023-ൽ മാ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാൻ തടസം നേരിടുന്നത് സംബന്ധിച്ച് രേഖാമൂലം അ നല്കിയതായി കാണുന്നില്ല. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ ഫൈൻ ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻ (നം.1 തീ.24.07.2024) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 24.07.2024 തീയ

മറുപടിയിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നട
സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫൈൻ ഈടാക്കാതിരുന്നത് മൂലം ഗ്രാമ പഞ്ചാ
താഴെപ്പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

1.പ്രോജക്ട് നം.	:	എസ്0105/2024
ഫയൽ നം.	:	5725/2022_5_66_65
പ്രോജക്ടിന്റെ പേര്	:	ഉണ്ടമല – പന്നിയാർകുട്ടി മെയിന്റനൻസ് 2021-22
നിർവ്വഹണം	:	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	:	ശ്രീ.ജോമോൻ ജോസഫ്
എഗ്രീഡ് പി.എ.സി തുക	:	₹981803/-
ചെലവ്		₹854181/- (മുൻവർഷം) (ബിൽ റെഫറൻസ് നം.21100752011701521933 തീ.30.03. ₹235998/- (ബിൽ റെഫറൻസ് നം.21100752011701072968 തീ.16.01.
എഗ്രിമെന്റ് നം.	:	19/AE/LID&EW/RKD/2021-22 തീ.13
സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി	:	13.01.2022
പൂർത്തീകരണ കാലാവധി	:	4 മാസം (സാങ്കേതികാനുമതി നം.39406/2021-22)

കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി	:	13.05.2022
പൂർത്തീകരിച്ച തീയതി (എം. ബുക്കിൽ അവസാന രേഖപ്പെടുത്തൽ വരുത്തിയ തീയതി)	:	04.01.2023 (എം.ബുക്ക് നം.540/21-2 നം.29)
കാലതാമസം	:	7 മാസം 23 ദിവസം
ഈടാക്കേണ്ട ഫൈൻ (1%+2%+2%)	:	981803x5%= ₹49090/-

ഫൈൻ ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടം (₹49090/-) കരാറുകാരനിൽ നിന്നും ഈ വിവരം അറിയിക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും ഈടാക്കാനാവാത്തപക്ഷം ഉത്തരവ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-14 തരിശ് നിലം കൃഷി - അധിക തുക നൽകി നഷ്ടം ₹7500/-

നിർവഹണം	കൃഷി ഓഫീസർ
പദ്ധതി നം	48/2024
പദ്ധതി	ഒരു പഞ്ചായത്ത് ഒരു ആശയം തരിശ് നിലം നെൽ കൃഷി
അടങ്കൽ	₹60000
ബിൽ നം	23100752009100785567 തീ. 14.11.2023 തുക ₹60000/-

ഗ്രാമപഞ്ചായത്തിൽ തരിശ് കിടക്കുന്ന നാല് ഏക്കർ സ്ഥലം ഏറ്റെടുത്ത് മാതൃകാപരമായ കൃഷി ചെയ്യുക, ലഭിക്കുന്ന നെല്ല് മൂല്യവർദ്ധിത ഉല്പന്നമായി വിപണനം നടത്തുക എന്നിവ ല വിഭാവനം ചെയ്ത പദ്ധതിയാണിത്. ആണ്ടുകുന്നേൽ സന്തോഷ് എന്ന വ്യക്തിയുടെ കൈവശ രാജാക്കാട് വില്ലേജിലെ 189/1-5, 189/1-5-3 സർവ്വേ നമ്പരിൽ ഉൾപ്പെട്ട 1.5 ഹെക്ടർ 14.09.2023 ലെ പാട്ടക്കരാർ പ്രകാരം രാജാക്കാട് യുവ സഹായസംഘം (രജി നം. 442/202 13.04.2023) കൃഷിക്കായി ഏറ്റെടുത്തു. പദ്ധതി പ്രകാരം സംഘത്തിന്റെ ബാങ്ക് അക്കൗ

(372302010028751 UBI) ധനസഹായ തുക ₹60000/- കൈമാറി.

പദ്ധതി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ ഭൂമിയായി പരിഗണിക്കേണ്ടത്. ഈ സ്ഥലം ഇത്തരത്തിലുള്ളതാണ് എന്ന കൃഷി ഓഫ സാക്ഷ്യപത്രം ഇല്ല.

2. തരിശ് ഭൂമിയിലെ ആദ്യകൃഷിക്കാണ് ധനസഹായം നൽകേണ്ടത്. ഇത് ആദ്യകൃഷിയ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഇല്ല.

3. പാട്ടകൃഷിയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. നെൽ കൃഷി നടത്തുന്ന കർഷകന് ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക ₹ മാത്രമാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.05.2(സ.ഉ (കൈ) 115/2022 ഖണ്ഡിക 6.1 ക്രമനം 8 പ്രകാരം) വ്യക്തമാക്കിയിട്ടുണ്ട്. ആയതിന ഹെക്ടറിന് **₹52500/- (₹35000 X 1.5)** മാത്രം കർഷകന് അർഹമായിരിക്കെ ₹ നൽകിയതിനാൽ **₹7500/-** പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

പ്രസ്തുത വിവരത്തിന് ഓഡിറ്റ് എൻക്വയറി (നം.4/24.07.2024) നല്കിയെങ്കിലും വ്യക്തമായ ലഭ്യമാക്കിയില്ല. നഷ്ടതുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-15 യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക നൽകി- നഷ്ടം ₹119400

നിർവഹണം	കൃഷി ഓഫീസർ
പദ്ധതി നം	128/2024
പദ്ധതി	അടുക്കളത്തോട്ടം പച്ചക്കറി തൈ ചട്ടിയും വളവും ഉൾപ്പെടെ
അടങ്കൽ	₹896000/- (വികസന ഫണ്ട്) 298666 (ഗ്രണഭോക്തൃ വിഹിതം) (ഗ്രാമപഞ്ചായത്തിൽ അടയ്ക്കുന്നത്)

പഞ്ചായത്ത് പരിധിയിൽ മുറ്റമോ, ടെറസ്സ് സൗകര്യമോ ഉള്ള കുടുംബങ്ങൾക്ക് പോട്ടിംങ് മ
നിറച്ച 15 വീതം മൺചട്ടിയോ HDPE ബാഗോ, പച്ചക്കറി തൈകൾ ഉൾപ്പെടെ 25% സ
നിരക്കിൽ വിതരണം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി
അഗ്രിക്കൾച്ചർ ഡവലപ്മെന്റ് ആൻഡ് ഫാമേഴ്സ് വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ രാജകുമാര
നെടുങ്കണ്ടം ബ്ലോക്ക് ഫെഡറേറ്റഡ് ഹൈ-ടെക് നഴ്സറിയിൽ നിന്ന് 15 എണ്ണം തൈകൾ ര
ഒരു യൂണിറ്റ് 398 കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.

വാങ്ങിയതിന്റെ വിവരം താഴെ നൽകുന്നു.

ബിൽ നം & തീയതി	യൂണിറ്റിന്റെ എണ്ണം (15 എണ്ണം തൈ)	നിരക്ക് ₹	ആകെ ₹	ട്രഷറി ബിൽ നം & തീയതി
963 തീയതി ലഭ്യമല്ല	33	3000	99000	23100752009101229621 തീ 16.02.2024 99000
961 തീ 31.01.2024	33	3000	99000	23100752009101219953 തീ 05.02.2024 99000
964 തീ 12.02.2024	33	3000	99000	23100752009101214626 1 തീ 20.02.202 ₹99000
966 തീ 31.01.2024	33	3000	99000	23100752009101255403 തീ 21.02.2024 99000
967 തീ 14.02.2024	33	3000	99000	23100752009101263356 തീ 22.02.202 99000

968 തീ 15.02.2024	33	3000	99000	23100752009101269665 തീ 24.02.202 ₹99000
969 തീ 16.02.2024	33	3000	99000	23100752009101269669 തീ 24.02.202 ₹99000
962 തീ 31.01.2024	99.5	3000	298500	Nil തീ 16.02.2024 ₹ 298500 (ഗ്ര.വി)
970 തീ 17.02.2024	33	3000	99000	23100752009101507320 തീ 24.03.202 ₹202500
974 തീ 21.02.2024	17	3000	51000	
975 തീ 22.02.2024	17.5	3000	52500	
ആകെ	**398**		**1194000**	

